**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **29-09-2025 - ൽ മറുപടിയ്ക്ക്**

**നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. ടി. എ. റഹീം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായുള്ള നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ടോ; ഇതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നിരാമയ ഇൻഷുറൻസ് പദ്ധതിയിലെ ഗുണഭോക്തൃ പ്രീമിയം തുക മുഴുവനായും 2017 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് നൽകിയിരുന്നു. സംസ്ഥാനത്തെ ഇൻഷുറൻസ് പദ്ധതികളെല്ലാം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കുന്നതിനായി തീരുമാനിച്ചതിന്റെ ഭാഗമായി 2023 മുതൽ ഇതിലേയ്ക്ക് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന ഭിന്നശേഷി വിഭാഗക്കാർക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ നിരാമയ ഇൻഷുറൻസ് പദ്ധതി പ്രീമിയം അനുവദിച്ചു വന്നിരുന്നത് സാമൂഹ്യനീതി വകുപ്പ് മുഖേന പുനരാരംഭിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായുള്ള നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രീമിയം അടയ്ക്കുന്നതിനുള്ള ഗുണഭോക്തൃ വിഹിതം അനുവദിച്ചുകൊണ്ട് 23.06.2025 തീയതിയിലെ സ.ഉ.(സാധാ) നം. 163/2025/SJD പ്രകാരം ഉത്തരവായിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.) പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ 75,00,000/- ലക്ഷം രൂപ 2235-02-101-66 P ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതിയായിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ഭിന്നശേഷി വിഭാഗങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്; | (ബി) | നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽപാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നീ |

| | | | |
|---|---|---|---|
| | | | നാല് ഭിന്നശേഷി വിഭാഗങ്ങൾക്കായാണ് നിരാമയ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | ഈ പദ്ധതിയുടെ പ്രീമിയം തുക ഗുണഭോക്താക്കൾ അടയ്ക്കേണ്ടതുണ്ടോ; വിശദമാക്കാമോ; | (സി) | നിരാമയ ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും ആണ് പ്രീമിയം തുകയായി നൽകേണ്ടത്. ഓരോ വർഷവും ഇൻഷുറൻസ് കാർഡ് പുതുക്കുന്നതിന് ബി.പി.എൽ. വിഭാഗക്കാർക്ക് 50 രൂപയും എ.പി.എൽ. വിഭാഗക്കാർക്ക് 250 രൂപയും ആണ് നൽകേണ്ടത്. സംസ്ഥാനത്ത് നിരാമയ പദ്ധതിക്കുള്ള ഗുണഭോക്തൃ പ്രീമിയം തുക മുഴുവനായും 2017 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിരുന്നു. പ്രസ്തുത ഗുണഭോക്താക്കൾ പ്രീമിയം ഇനത്തിൽ സ്വന്തമായി തുക അടച്ചിട്ടില്ല. എന്നാൽ വ്യക്തികൾക്ക് നാഷണൽ ട്രസ്റ്റ് അംഗീകാരമുള്ള NGO മുഖേന സ്വന്തമായി പണം അടച്ചും നിരാമയ enrollment നടത്താൻ സാധിക്കും. |
| (ഡി) | പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ; | (ഡി) | നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കിവരുന്ന നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2022-23 വരെ 73798 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | നിരാമയ പദ്ധതിയുടെ ആനുകൂല്യങ്ങൾ reimbursement ആയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത്. ഒരു ഗുണഭോക്താവിന് ഒരു വർഷം പരമാവധി ഒരു ലക്ഷം രൂപയുടെ ആനുകൂല്യത്തിനു അർഹതയുണ്ട്. നിരാമയ ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ വിശദീകരണക്കുറിപ്പിൽ ഉൾപ്പെടുത്തുന്നു. പദ്ധതിയിൽ enroll ചെയ്യുകയും ആയതു യഥാസമയം പുതുക്കുകയും ചെയ്യുന്ന വ്യക്തികൾ ഇൻഷുറൻസ് ക്ലെയിം ചെയ്യുന്ന മുറയ്ക്ക് ഇൻഷുറൻസ് ഏജൻസി അർഹതയ്ക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - നിരാമയ ഇൻഷ്യറൻസ് പദ്ധതി പുനരാരംഭിക്കുന്നതിന് ആവശ്യമായ 75,00,000/-രൂപ 2235-02-101-66 (P) ശീർഷകത്തിലേക്ക് അനുവദിച്ചു നൽകികൊണ്ടും, പദ്ധതി പ്രവർത്തനങ്ങൾ LLC മുഖേന തുടരുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.163/2025/SJD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-

1. ധനകാര്യ വകുപ്പിന്റെ 07.08.2017- ലെ G.O.(P) 102/2017/FIN നമ്പർ ഉത്തരവ്.
2. ധനകാര്യ വകുപ്പിന്റെ 03.04.2025-ലെ 31/2025/ധന നമ്പർ സർക്കുലർ
3. 01.05.2025-ലെ സാമൂഹ്യനീതി ഡയറക്ടറുടെ SJD/2057/2025-SC3 നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഭിന്നശേഷി വിഭാഗങ്ങളായ ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവർക്കായി നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. കേന്ദ്ര പദ്ധതിയായിരുന്നുവെങ്കിലും സംസ്ഥാനത്ത് പദ്ധതിക്കുള്ള ഗുണഭോക്തൃ പ്രീമിയം തുക മുഴുവനായും 2017 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ നൽകിയിരുന്നു. എന്നാൽ ഇതിനായി ഫണ്ട് അനുവദിച്ചു നൽകിയിരുന്ന 2235-02-101-66 (P) എന്ന ശീർഷകം നിലവിലുണ്ടെങ്കിലും 2023 മുതൽ സർക്കാർ ഇതിലേക്ക് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരുന്നില്ല.

2. തുടർ പദ്ധതികൾ അംഗീകാരത്തിനായി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കാതെ സർക്കാരിൽ നിന്നും സമഗ്ര ഭരണാനുമതി നേടുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചാൽ മതിയെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരാമയ പദ്ധതി നടപ്പ സാമ്പത്തിക വർഷം തുടർന്നു കൊണ്ട് പോകുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരത്തിനും, നടപ്പ സാമ്പത്തിക വർഷത്തെ 2235-60-200-83 (P) ശീർഷകത്തിൽ നിന്നും പദ്ധതിക്കാവശ്യമായ 75,00,000/- (എഴുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) 2235-02-101-66 (P) എന്ന ശീർഷകത്തിലേക്ക് മാറ്റി നൽകി പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും, പദ്ധതി പ്രവർത്തനങ്ങൾ

LLC മുഖേന തുടരുന്നതിന് അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിരാമയ പദ്ധതി തുടർന്നു കൊണ്ട് പോകുന്നതിനായി പരാമർ ശം (1) ഉത്തരവിലെ ഖണ്ഡിക 3 7 പ്രകാരവും, തുടർ പദ്ധതികളിൽ മാറ്റങ്ങൾ ഇല്ലാത്ത പ്രൊപ്പോസലുകൾ അംഗീകാരത്തിനായി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കേണ്ടതില്ല എന്ന പരാമർശം (2) സർക്കുലറിന്റെ അടിസ്ഥാനത്തിലും, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന ഭിന്നശേഷി വിഭാഗക്കാർക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിലും, 2025-26 സാമ്പത്തിക വർഷത്തെ 223560-200-83(പി) ശീർഷകത്തിൽ സാമൂഹ്യനീതി വകുപ്പിന് ലഭ്യമായിട്ടുള്ള 15 കോടി രൂപയിൽ നിന്നും നിരാമയ ഇൻഷ്യറൻസ് പദ്ധതി പുനരാരംഭിക്കുന്നതിന് ആവശ്യമായ 75,00,000/- (എഴുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) രൂപ വകമാറ്റി 2235-02-101-66 (P) ശീർഷകത്തിലേക്ക് അനുവദിച്ചു നൽകികൊണ്ടും, പദ്ധതി പ്രവർത്തനങ്ങൾ LLC മുഖേന തുടരുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ